**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1365**

**21.03.2012 ലെ മറുപടിക്ക്**

**വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ജമീലാ പ്രകാശം** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ എത്ര വനിതാ സഹകരണ സംഘങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; | എ) 776 വനിതാ സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) അവയുടെ വിശദാംശങ്ങളും ഓരോ സംഘവും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങളും വ്യക്തമാക്കാമോ; | ബി) അംഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും ക്ഷേമത്തിനുമായി തൊഴിൽ ലഭ്യമാക്കുവാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള പ്രതിമാസ നിക്ഷേപ പദ്ധതികൾ നടത്തുക, തൊഴിൽ വികസനത്തിനായി ചെറുകിട വായ്പകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വനിതാ സംഘങ്ങൾ നടത്തി വരുന്നു. പ്ലേ സ്കൂൾ, ടൈലറിംഗ് ആന്റ് ഗാർമെന്റ് യൂണിറ്റ്, ഫ്ലവർ മില്ല്, സ്റ്റേഷനറി സാധനങ്ങളുടെ വിൽപ്പന, വനിതാ ഹോസ്റ്റൽ, നന്മസ്റ്റോർ, ഫുഡ് പ്രോസസിംഗ് യൂണിറ്റ്, വനിതാ ഹോട്ടൽ, കൺസ്യൂമർ സ്റ്റോർ എന്നിവയും നടത്തുന്നു കൂടാതെ സംഘങ്ങളുടെ ബൈലായിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ;<br>ഡി) ഉണ്ടെങ്കിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും എവിടെയൊക്കെയാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ? | സി) യും ഡി) യും വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ 15 നീതി മെഡിക്കൽ സ്റ്റോറുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. തിരുവനന്തപുരം | - | 2 |
| 2. കോട്ടയം | - | 3 |
| 3. എറണാകുളം | - | 1 |
| 4. തൃശ്ശൂർ | - | 2 |
| 5. മലപ്പുറം | - | 3 |
| 6. കോഴിക്കോട് | - | 2 |
| 7. കണ്ണൂർ | - | 2 |
| **ആകെ** | - | **15** |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| നം. | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 110 |
| 2. | കൊല്ലം | 41 |
| 3. | പത്തനംതിട്ട | 8 |
| 4. | ഇടുക്കി | 11 |
| 5. | കോട്ടയം | 29 |
| 6. | ആലപ്പുഴ | 18 |
| 7. | എറണാകുളം | 41 |
| 8. | തൃശ്ശൂർ | 48 |
| 9. | പാലക്കാട് | 29 |
| 10. | മലപ്പുറം | 95 |
| 11. | കോഴിക്കോട് | 87 |
| 12. | വയനാട് | 5 |
| 13. | കണ്ണൂർ | 204 |
| 14. | കാസർഗോഡ് | 50 |
| | **ആകെ** | **776** |